2. ബഹു. കേരള ഹൈക്കോടതിയുടെ 12-8-2002-ലെ ഉത്തരവിൻ പ്രകാരം എൻഡോസൾഫാന്റെ ഉപയോഗം ഇനി ഒരുത്തരവുണ്ടാകുന്നതുവരെ നിറുത്തലാക്കി.

3. എൻഡോസൾഫാൻ പ്രയോഗം ഇപ്പോൾ ഒരു വിളയ്ക്കും കൃഷി വകുപ്പ് ശുപാർശ ചെയ്യുന്നില്ല.

4. എൻഡോസൾഫാൻ പ്രാദേശിക ഡിപ്പോകൾ വഴി വിതരണം നടത്തുന്നില്ല എന്ന് പഞ്ചായത്ത് തലത്തിലുള്ള കൃഷി ഓഫീസർമാർ പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നു.

(ജി) കൃഷിവകുപ്പ് മുഖേന നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(എച്ച്) ഉണ്ട്.

(ഐ) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ജെ) ഡോ. ശിവരാമൻ കമ്മിറ്റിയുടെ ഒരു ശുപാർശ എൻഡോസൾഫാൻ ഏരിയൽ സ്പ്രേയിംഗ് സ്ഥിരമായി നിരോധിക്കണമെന്നതാണ്. 1968-ലെ ഇൻസെക്റ്റിസൈഡ് ആക്ടിലെ 27-ാം വകുപ്പ് പ്രകാരം കീടനാശിനികളുടെ ഉപയോഗം നിരോധിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായ പരിമിത അധികാരം ഉപയോഗിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങിൽ എൻഡോസൾഫാൻ തളിക്കുന്നത് പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. 12-8-2002-ലെ ഉത്തരവു പ്രകാരം ഹൈക്കോടതിയും എൻഡോസൾഫാന്റെ ഉപയോഗം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിരോധിച്ചിട്ടുണ്ട്. ജൈവ കീടനാശിനികൾ പ്രചരിപ്പിക്കാൻ കൃഷിവകുപ്പ് നടപടിയെടുത്തിട്ടുണ്ട്. കമ്മിറ്റിയുടെ മറ്റു ശുപാർശകളിന്മേൽ വിവിധ വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

കാവുകൾ സംരക്ഷിക്കാൻ നടപടി

*12 [72] ശ്രീ. എ. എൻ. രാജൻ ബാബു :
,, ഷിബു ബേബിജോൺ :
,, ജോണി നെല്ലൂർ :
,, കെ. കെ. ഷാജു :
,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാവുകളും മറ്റും സംരക്ഷിക്കുന്നതിനായി വനംവകുപ്പിന്റെ കീഴിൽ ഏതെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ;

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതിയെക്കുറിച്ച് പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ലോക ബാങ്ക് പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷങ്ങളായി കാവുകളുടെ സംരക്ഷണത്തിന് കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സഹായം നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണത്തിനായി പൊതുവായ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

സംസ്ഥാനത്തെ കരാർകൃഷിയും പാട്ടകൃഷിയും

*13 [73] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കരാർകൃഷിയും പാട്ടകൃഷിയും നടപ്പാക്കുവാൻ കേന്ദ്രത്തിൽനിന്നും ഏതെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1970-ലെ ഭൂപരിഷ്കരണ നിയമമനുസരിച്ച് കരാർകൃഷിയും പാട്ടകൃഷിയും അനുവദനീയമാണോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ വിദേശ കമ്പനികളും ബഹുരാഷ്ട്ര കമ്പനികളും ഇൻഡ്യൻ കുത്തക കമ്പനികളും കരാർകൃഷി നടത്തിയതിന്റെ ഫലങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്ത് ഇതു നടപ്പിലാക്കുന്നതിനു മുൻപ് ഇപ്രകാരം ഒരു അവലോകനം നടത്തുന്നകാര്യം പരിഗണിക്കാമോ;

(ഡി) കേരളത്തിലെ കൃഷിരീതിയുടെ പ്രത്യേകതകൾ, ഭൂവിനിയോഗ രീതികൾ, സാമൂഹികപരിസ്ഥിതികൾ, തൊഴിൽ ബന്ധങ്ങൾ എന്നിവ അനുസരിച്ച് കരാർകൃഷിയും പാട്ടകൃഷിയും ഇവിടെ പ്രായോഗികമാണെന്നു കരുതുന്നുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) അഗ്രികൾച്ചറൽ മാർക്കറ്റിംഗ് റിഫോംസ് സംബന്ധിച്ചു 27-9-2002-ൽ ന്യൂഡൽഹിൽ വച്ചുനടന്ന സംസ്ഥാനമന്ത്രിമാരുടെ സമ്മേളനത്തിൽ കോൺട്രാക്ട് ഫാമിംഗ് അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു. തുടർന്നു കേന്ദ്രസർക്കാർ കേന്ദ്ര കൃഷിയും സഹകരണവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച ഒരു കമ്മിറ്റി ഒരു മോഡൽ സംസ്ഥാന കാർഷികോൽപ്പന്ന വിപണനം

LIBRARY ARCHIVES Kerala Legislative Assembly